പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 41

6.3.2012-ൽ മറുപടിക്ക്

## പുതുതായി രൂപീകരിച്ച പൊതുമേഖലാ വ്യവസായ ശാലകളുടെ തുടർപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഹംസ<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എളമരം കരീം<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ പുതുതായി പ്രാവർത്തികമാക്കിയ ഒമ്പതു പൊതുമേഖലാ വ്യവസായ ശാലകളുടെ തുടർ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ; | (എ) പുതിയതായി ആരംഭിച്ച പൊതുമേഖലാ വ്യവസായ ശാലകളിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ യൂണിറ്റ് ഒഴികെ എല്ലാം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും മെഷിനറികളെല്ലാം സ്ഥാപിച്ച് സജ്ജമാക്കി വ്യവസായികാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കാനുള്ള നിലയിലാണ്. എന്നാൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പ്രാഥമികമായ പ്രവർത്തനങ്ങൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഈ യൂണിറ്റുകളിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) പ്രസ്തുത വ്യവസായ ശാലകളുടെ ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക ഇതിലേയ്ക്കായി ചെലവഴിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (ബി) പുതുതായി ആരംഭിച്ച യൂണിറ്റുകൾക്കായി KMML, MCL എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് മുതൽ മുടക്ക് ലഭ്യമാക്കിയത്. ഇതു കൂടാതെ 2010-11-ൽ ഉപധനാഭ്യർത്ഥന മുഖേന ലഭിച്ച 39.73 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഈ വ്യവസായ പദ്ധതികൾ വഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് കണക്കാക്കിയിരുന്നത്; | (സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുതിയതായി ആരംഭിച്ച യൂണിറ്റുകളിലേയ്ക്കും വിപുലീകരണ പദ്ധതികളിലേയ്ക്കുമായി 1919 |

പുതിയ തസ്തികകൾ സൃഷ്ടിച്ചിരുന്നു. എന്നാൽ തത്ക്കാലം 1631 തസ്തികകളുടെ ആവശ്യകതയാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ ഒഴിവുകളിലേയ്ക്ക് നിയമിക്കുന്നതിനായി തയ്യാറാക്കിയിരുന്ന ഉദ്യോഗാർത്ഥികളുടെ പട്ടികകൾ ഈ സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഉണ്ട്; ജീവനക്കാരെ നിയമിക്കുന്നതിന് നേരത്തെ നടത്തിയ വിജ്ഞാപനത്തിലെ മാനദണ്ഡങ്ങളിലും നിയമനങ്ങൾക്കായി നടത്തിയ നടപടിക്രമങ്ങളിലും ക്രമക്കേടുകൾ ആരോപിച്ചുകൊണ്ട് ബഹു: ഹൈക്കോടതിയിൽ നിരവധി കേസുകൾ നിലവിലുള്ളതിനാൽ ഈ സർക്കാർ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ 01.01.2011 തീയതിയിലെ ജി.ഒ (എം.എസ്) നം.1/2011/വ്യവ പ്രകാരം സ്വീകരിച്ച നടപടിക്രമങ്ങളും തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളും നിർത്തലാക്കാൻ ഉത്തരവായിട്ടുണ്ട്.

(ഇ) പ്രസ്തുത പട്ടികയിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടായിരുന്നു; നിയമിക്കപ്പെട്ടവരുടെയും റാങ്ക് ലിസ്റ്റിലുള്ളവരുടെയും കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

(ഇ) 101 പേർക്ക് നിയമന ഉത്തരവ് നൽകിയതിൽ 35 പേർ സർവ്വീസിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ചവർ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രം തുടരുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പുതിയതായി ആരംഭിച്ച എല്ലാ യൂണിറ്റുകളും കഴിവതുംവേഗം പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ നിയമിക്കുന്നതിനായി നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഒഴിവുകൾ നികത്തുവാൻ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ അതാത് ചീഫ് എക്സിക്യൂട്ടീവ്സിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പി.എസ്.സി-യുടെ അധീനതയിൽ വരുന്ന ഒഴിവുകൾ പി.എസ്.സി മുഖേന നിയമിക്കുന്നതിനും, മറ്റു തസ്തികകളിലേയ്ക്കുള്ള സെലക്ഷനായി ഉദ്യോഗാർത്ഥികളുടെ പട്ടിക തയ്യാറാക്കി ലഭ്യമാക്കാൻ എംപ്ലോയ്മെന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകാനും വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകളോടൊപ്പം ഇവരെയും പരിഗണിച്ചാവണം പുതിയതായി നിയമന നടപടിക്രമങ്ങൾ സ്വീകരിക്കുവാനെന്നും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ